"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.ആർ.ജയ് കൃഷ്ണൻ നായർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ) 30710/2024 നമ്പർ കേസിലെ 24/09/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.659/2025/ID    തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1 ) 23/05/2022 തീയതിയിലെ സ.ഉ(സാധാ)നം. 482/2022/വ്യവ നമ്പർ ഉത്തരവ്

2) ആന്ധ്രാ പ്രദേശ് എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിന്റ നം.21C/IFC/2018/4215 കേസിലെ 01/03/2024 തീയതിയിലെ വിധി.

3) ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരുടെ 24/05/2024 തീയതിയിലെ ACSM/GM/536/2024-25, 09/07/ 2024 തീയതിയിലെ ACSM/GM/714/2024-25& 09/01/2025 തീയതിയിലെ ACSM/GM/13/2024-25 നമ്പർ കത്തുകൾ

4) ശ്രീ.ജയകൃഷ്ണൻ നായരുടെ 13/06/2024 തീയതിയിലെ അപേക്ഷ.

5) 08/08/2024, 27/02/2025 തീയതികളിലെ വ്യവ-സി2/60/2024 നമ്പർ സർക്കാർ കത്തുകൾ

6) ബഹു.ഹൈക്കോടതിയുടെ WP(C) 30710/2024 കേസിലെ 24/09/2024 തീയതിയിലെ ഉത്തരവ്

7) കൈത്തറി ഡയറക്ടറുടെ 29/01/2025 തീയതിയിലെ എച്ച്.എൽ/841/2024-റ്റി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ.ജയകൃഷ്ണൻ നായർ ഫയൽ ചെയ്ത WP(C) 30710/2024 മേലുള്ള ബഹു ഹൈക്കോടതിയുടെ 24/09/2024 ലെ ഉത്തരവ് പ്രകാരം പരാതിക്കാരൻ സമർപ്പിച്ച, പരാമർശം(4) പരാതി (WP(C) 30710/2024 കേസിലെ Exhibit P1) യിന്മേൽ 2 മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുവാൻ 2nd respondent ആയ കൈത്തറി ഡയറക്ടർക്കും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരാതിക്കാരനായ ശ്രീ.ജയ് കൃഷ്ണൻ നായരേയും 3rd

respondent ആയ ശ്രീ.പി.എസ്.ശ്രീകുമാറി (ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജർ)നേയും കേട്ട് പരാതിയിൽ തീർപ്പ കൽപിച്ച് ഉത്തരവാകണമെന്നും ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു .

2) ബഹു ഹൈക്കോടതിയുടെ പരാമർശം (6) ഉത്തരവനുസരിച്ച് വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറി 11/03/2025 തീയതിയിൽ ഹിയറിംഗ് നടത്തുകയുണ്ടായി. പ്രസ്തുത ഹിയറിംഗ് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ശ്രീ.ജയകൃഷ്ണൻ നായർ ഹിയറിംഗിൽ പങ്കെടുകയുണ്ടായില്ല. WP(C)30710/2024 കേസിലെ മൂന്നാം എതിർകക്ഷിയായ ശ്രീ.പി.എസ്.ശ്രീകുമാർ (ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജർ) ഹിയറിംഗ് വേളയിൽ ഹാജരാകുകയും വിവരങ്ങൾ/രേഖകൾ സമർപ്പിക്കുകയുമുണ്ടായി.

3) ശ്രീ.ആർ.ജയ് കൃഷ്ണൻ നായരുടെ പരാതിയിൽ ഉന്നയിച്ചിരുന്ന പ്രധാന ആരോപണങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

i. M/S സൺ കോട്ടൺ കമ്പനി എന്ന സ്ഥാപനത്തിന് ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും ലഭിക്കേണ്ട ഏകദേശം 5 ലക്ഷം രൂപ തിരികെ കിട്ടുന്നതിനായി 2018ൽ Andhra Pradesh MSME Facilitation Councilൽ കേസ് ഫയൽ ചെയ്യുകയും ഇത് സംബന്ധിച്ച് നിരവധി തവണ മില്ലിന് നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മേൽ വിധിക്കെതിരെ അപ്പീൽ പോകണമെങ്കിൽ 83.27 ലക്ഷം രൂപ കോടതിയിൽ കെട്ടി വയ്ക്കണം എന്ന സ്ഥിതിയിൽ എത്തിയിരിക്കുന്നു. കോടതി നിരവധി തവണ നോട്ടീസയച്ചിട്ടും അത് മില്ലിന്റെ ബോർഡിനെയോ സർക്കാരിനെയോ അറിയിക്കാതെ അപ്പീൽ കൊടുക്കുവാനുള്ള സമയപരിധി കഴിഞ്ഞിട്ടു മാത്രം സർക്കാരിനെ അറിയിച്ചതിന്റെ ഗൂഢ ലക്ഷ്യം അന്വേഷിക്കേണ്ടതാണ്.

ii. ഡെപ്യൂട്ടേഷൻ നിയമങ്ങൾക്ക് വിരുദ്ധമായാണ് ശ്രീ.പി.എസ്.ശ്രീകുമാർ ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ CEO സ്ഥാനത്തിരിക്കുന്നത്.

iii. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ നിലവിൽ ജനറൽ മാനേജർ സ്ഥാനത്തു തുടരുന്ന ശ്രീ.പി.എസ്.ശ്രീകുമാർ സ്വന്തം താൽപര്യത്തിനും സാമ്പത്തിക ലാഭത്തിനുമായി മില്ലിന്റെ സാമ്പത്തിക അടിത്തറ തകർക്കുകയാണ്.

iv. എൻ.സി.ഡി.സി സഹായത്തോടെ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ നടക്കുന്ന വികസനത്തിന്റെ ഫണ്ടായ 35 കോടി രൂപ സർക്കാർ അനുമതിയില്ലാതെ, പ്രസ്തുത മില്ലിന്റെയും കൂടി മാനേജിംഗ് ഡയറക്ടറായ ശ്രീ.പി.എസ്.ശ്രീകുമാർ വക മാറ്റി ചിലവാക്കി. തുടർന്ന് ടി മിൽ പൂട്ടികിടക്കുന്നതും അന്വേഷിക്കേണ്ടതാണ്.

v. ഒരു തൊഴിൽ സമരത്തിന്റെ ഭാഗമായി സസ്പെഷനിൽ ആയ തനിക്കെതിരെ വ്യാജ പ്രചരണങ്ങൾ നടത്തിയതിന്റെ ഉദ്ദേശവും അന്വേഷിക്കേണ്ടതാണ്

vi. ശ്രീ.പി.എസ്.ശ്രീകുമാറിനെ തൽസ്ഥാനത്തു നിന്നും സസ് പെൻഡു ചെയ്തു ഡിപ്പാർട്ട്മെന്റ് നടപടിയും ഒപ്പം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു പോലീസ് അന്വേഷണവും നടത്തുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

4 ) ഹിയറിംഗ് വേളയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽമാനേജർ ശ്രീ.പി.എസ്.ശ്രീകുമാർ പരാതിയിലെ ആരോപണങ്ങൾ നിഷേധിക്കുകയും ചുവടെ ചേർക്കുന്ന വാദങ്ങളിൽ ഉറച്ചു നിൽക്കുകയുമുണ്ടായി.

i. 2008 ൽ ആണ് ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ സൺ കോട്ടൺ കമ്പനിയിൽ നിന്നും പരുത്തി വാങ്ങിയിട്ടുള്ളത്. അതിനു ശേഷം 2009 മുതൽ 2013 സെപ്റ്റംബർ വരെ ദീർഘകാലം മില്ലിലെ ജനറൽ മാനേജരായിരുന്നത് പരാതിക്കാരനായ ശ്രീ.ജയകൃഷ്ണൻ നായരാണ്. ആ കാലയളവിൽ വർഷാവർഷം സർക്കാരിൽ നിന്നും പ്രവർത്തനമൂലധനം ലഭിച്ചിട്ടും പരുത്തി വാങ്ങിയ തുക നൽകാതിരുന്നത് ദുരൂഹമാണ്.

ii. അതിന് ശേഷമാണ് നിലവിലെ ജനറൽ മാനേജർ ചാർജ്ജ് എടുക്കുന്നതും, പതിനാല് വർഷത്തിന് ശേഷമാണ് അക്കൗണ്ട്സിന്റെ ചുമതല നിലവിലെ അസിസ്റ്റന്റ് മാനേജർ ഏറ്റെടുക്കുന്നതും.

iii. 2018ന് ശേഷമാണ് സൺ കോട്ടൺ കമ്പനി ആന്ധ്രാപ്രദേശ് എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിനെ സമീപിക്കുന്നത്.

iv. ആന്ധ്രാപ്രദേശ് മൈക്രോ & സ്മോൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിൽ നിന്നും 28/12/2021, 25/11/2022 തീയതികളിലെ ഹിയറിംഗിന്റെ നോട്ടീസുകൾ ഹിയറിംഗുകൾ പൂർത്തിയായതിന് ശേഷമാണ് ലഭിച്ചിട്ടുള്ളത്.

v. 8/8/2023 തീയതി ഹിയറിംഗ് ഉണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് എം.എസ്. എം.ഇ കൗൺസിൽ അയച്ച കത്ത് 1/8/2023 തീയതി ലഭിച്ചിരുന്നു. ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡ് കമ്പനിയായതിനാൽ മില്ലിന്റെ ബോർഡിന്റെ തീരുമാനമനുസരിച്ച് ഉത്തരവാദിത്തപ്പെട്ട ഒരാളെയോ, ഒരു അഡ്വക്കേറ്റിനെയോ ചുമതലപ്പെടുത്തണമെന്ന് പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നു. ഹിയറിംഗിന് മുൻപ് ബോർഡ് കൂടാത്തതിനാൽ ഇത്തരമൊരു തീരുമാനമെടുക്കുവാൻ കഴിഞ്ഞില്ല.പിന്നീട് ഒരവസരം നൽകാതെ എക്സ്-പാർട്ടിയായി എം.എസ്.എം.ഇ കൗൺസിൽ വിധി പ്രസ്താവിക്കകയാണുണ്ടായത്.

vi. സൺ കോട്ടൺ കമ്പനിയുടെ ലെറ്റർ ഹെഡിൽ ആന്ധ്രാപ്രദേശ് എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിൽ കൊടുത്ത പരാതിയിൽ കാണിച്ചിരിക്കുന്ന കമ്പനി അഡ്രസ്സും എം.എസ്.എം.ഇ കൗൺസിലിന്റെ നോട്ടീസ് പ്രകാരമുള്ള അഡ്രസ്സും യോജിക്കുന്നില്ല. ഈ രണ്ട് അഡ്രസ്സുകളിലും തയ്യാറാക്കിയ ഇൻവോയിസ് മില്ലിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പരാതി വ്യാജമാണെന്ന് തോന്നുകയുണ്ടായി.

vii. ഇൻവോയിസ് പ്രകാരമുള്ള അഡ്രസ്സും ആദ്യം വന്ന നോട്ടീസിലും, പരാതിക്കാരുടെ പരാതിയിലുമുള്ള അഡ്രസ്സും പരസ്പര വിരുദ്ധമായതിനാലും യഥാർത്ഥ നോട്ടീസുകൾ ലഭിക്കാതിരുന്നതിനാലും ടി വിഷയം ഗൗരവമായി എടുത്തില്ലായെന്നതാണ് വാസ്തവം.

viii. നിലവിലുള്ള അക്കൗണ്ട്സ് അസിസ്റ്റന്റ് മാനേജർ 2022 ഏപ്രിൽ മാസമാണ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളത്. 2008 ൽ ഉണ്ടായ ഇടപാട് സംബന്ധിച്ച് പിന്നീട് ഒരു തരത്തിലും സൺ കോട്ടൺ കമ്പനി യാതൊരു ആശയവിനിമയവും

നടത്തിയിട്ടില്ല. കൂടാതെ ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിയെ തുടർന്ന് മില്ലിന്റെ സാമ്പത്തിക സ്ഥിതി എപ്പോഴും വലിയ പ്രതിസന്ധിയിലായിരുന്നു. ഇത് മൂലം അതാത് മാസത്തെ ഏറ്റവും പ്രധാനപ്പെട്ട ചെലവുകൾ മാത്രമാണ് പരിഹരിക്കുവാൻ സാധിച്ചിരുന്നത്. ഇതും ഈ വിഷയം ഗൗരവമായി എടുക്കാതിരിക്കുവാൻ കാരണമായിട്ടുണ്ട്.

ix. എം.എസ്.എം.ഇ ഫെസിലിറ്റേഷൻ കൗൺസിലിന്റെ ജഡ്ജ്മെന്റിൽ **21.12.2018, 25.07.2019, 25.11.2022** ദിവസങ്ങളിൽ അനുരഞ്ജന ചർച്ച നടത്തുവാൻ അയച്ചതായി പറയുന്ന നോട്ടീസുകൾ മില്ലിൽ ലഭിച്ചതായി രേഖകൾ ഒന്നും തന്നെയില്ല.

x. സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്നും, ബഹു. അഡ്വക്കേറ്റ് ജനറൽ ഏർപ്പെടുത്തിയതനുസരിച്ചും ഗുണ്ടൂരിലുള്ള അഭിഭാഷകനായ **Adv.Narra Srinivasa Rao**ന് വക്കാലത്ത് ഒപ്പിട്ട് കൊടുക്കുകയും, പ്രധാന രേഖകളുടെ പകർപ്പ് കൈമാറുകയും ചെയ്തിരുന്നു. പണം അടയ്ക്കാതെ അപ്പീൽ കൊടുക്കുവാൻ കഴിയുന്ന തരത്തിൽ ഇടപെടൽ നടത്താമെന്ന് അഡ്വക്കേറ്റ് അറിയിച്ചിട്ടുമുണ്ട്.

xi. ആന്ധ്രാ പ്രദേശ് എം.എസ്.എം.ഇ കൗൺസിലിന്റെ വിധി ന്യായത്തിൽ സൂചിപിച്ചിട്ടുള്ള സൺ കോട്ടൺ കമ്പനിയുടെ അഡ്രസ്സിൽ ജനറൽ മാനേജർ അയച്ച കത്ത് കൈപ്പറ്റാതെ 18/05/2024ന് തിരികെ എത്തിയിട്ടുണ്ട്. **"No such firm in the address hence returned to sender"** എന്നാണ് പോസ്റ്റാഫീസ് അധികൃതർ എഴുതിയിട്ടുള്ളത്.

xii. ഈ വിഷയങ്ങളെല്ലാം 3/7/2024ന് ചേർന്ന ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ചു. അഡ്വക്കേറ്റിന്റെ നിർദ്ദേശപ്രകാരം തുടർ നടപടികൾ കൈക്കൊള്ളു വാൻ ഭരണസമിതി തീരുമാനിച്ചു.

xiii. 2008ൽ പരുത്തി വാങ്ങിയിട്ട് കൃത്യസമയത്തോ രണ്ടോ, മൂന്നോ വർഷത്തിനുള്ളിലോ പണം കൊടുക്കാമായിരുന്നുവെന്നും, അത്തരത്തിലുള്ള നടപടികൾ കൈക്കൊള്ളാതിരുന്നത് മുൻ ജനറൽ മാനേജർമാരുടെ ഗുരുതരമായ വീഴ്ചയും, അനാസ്ഥയുമാണെന്നും ഭരണസമിതി നിരീക്ഷിക്കുകയും ചെയ്തു. ഇതു പ്രകാരം മുൻ അക്കൗണ്ട്സ് ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. നിരവധി തവണ അക്കൗണ്ട്സ് ഓഫീസർ എന്ന നിലയിൽ പാർട്ടിക്ക് പണം നൽകുവാൻ പറയുകയും അപ്പോഴെല്ലാം അത് മാറ്റി വെയ്ക്കുവാൻ ജനറൽ മാനേജർ(മുൻ) നിർദ്ദേശിക്കുകയും ചെയ്തുവെന്നാണ് അവർ നൽകിയ വിശദീകരണം.

xiv. പാർട്ടികൾക്ക് കൊടുക്കുവാനുള്ള പഞ്ഞിയുടെ വില നൽകണമെന്ന് കാണിച്ച് മില്ലിൽലഭിച്ച സമൻസിന്മേൽ, കേസ് വാദിക്കുവാൻ വക്കീലിനെ ഏർപ്പാട് ചെയ്യുവാനും കൂടാതെ, പാർട്ടിയുമായി ചർച്ച ചെയ്ത് മില്ലിന് ദോഷകരമല്ലാത്ത രീതിയിൽ സമവായം ഉണ്ടാക്കുന്നതിനുള്ള സാധ്യത

ആരായാനും **27/10/2010** ന് ചേർന്ന മില്ലിന്റെ ഭരണസമിതി യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത യോഗതീരുമാനം നടപ്പാക്കത്തതിന്റെ കാരണം യോഗത്തിൽ പങ്കെടുത്ത അന്നത്തെ ജനറൽ മാനേജരായ ശ്രീ.ആർ.ജയ്യകൃഷ്ണൻ നായർ തന്നെയാണ് വിശദീകരിക്കേണ്ടത്.

xv. അഡ്വക്കേറ്റായ **Adv.Narra Srinivasa Rao** തയ്യാറാക്കി നൽകിയ സത്യവാങ്മൂലം ആന്ധ്രാപ്രദേശിലെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനായി ജനറൽ മാനേജർ ഒപ്പിട്ട് അഡ്വക്കേറ്റിന് അയച്ചു കൊടുത്തിട്ടുണ്ട്.

xvi. ബഹു.അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശ പ്രകാരം പരാതിക്കാരുമായി കോടതിയ്ക്ക് പുറത്ത് ഈ വിഷയത്തിൽ ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ കഴിയുമോ എന്നും ശ്രമിച്ചുനോക്കാവാനും തീരുമാനിക്കുകയുണ്ടായെങ്കിലും സൺ കോട്ടൺ കമ്പനി എന്ന പേരിൽ ഒരു സ്ഥാപനം ഇപ്പോൾ നിലവിൽ ഇല്ല. അവർക്ക് അയച്ച കത്ത് ഇങ്ങനെയൊരു അഡ്രസ്സ് ഇല്ലാ എന്ന് രേഖപ്പെടുത്തി തിരികെ വരികയാണുണ്ടായത്. അതിനാൽ ഇവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കി പണം ഒടുക്കുവാൻ സാധിക്കില്ല. സൺ കോട്ടൺ കമ്പനിയുടെ പേരിൽ അല്ലാതെ മിൽ പണം കൊടുക്കുന്നത് നിയമവിരുദ്ധമാണ്.

xvii. **28/09/2013** തീയതിയിലെ ജി.ഒ(ആർ.ടി)നം.**1243/13**/വ്യവ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായി നിയമിതനായ തന്റെ നിയമന കാലാവധി കാലാകാലങ്ങളായി നീട്ടി നൽകുകയും **12/01/2022** തീയതിയിലെ സ.ഉ(സാധാ)നം.**39/2022**/വ്യവ പ്രകാരം പുതിയ ഉത്തരവ് വരെയോ പുതിയ ആൾക്ക് ചാർജ്ജ് കൊടുക്കുന്നത് വരെയോ ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്.

xviii. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ **35** കോടിയുടെ വികസനഫണ്ട് സർക്കാർ അനുമതിയില്ലാതെ വകമാറ്റി ചിലവാക്കിയതായും അതിൽ നിന്നും അനധികൃത വരുമാനം ഉണ്ടാക്കിയതായുമുള്ള പരാതി അടിസ്ഥാനരഹിതമാണെന്നും ശ്രീ.പി.എസ്.ശ്രീകുമാർ വാദിച്ചു. എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള പ്രസ്തുത പദ്ധതി **2015**ലാണ് ആരംഭിക്കുന്നതെന്നും **2018**ൽ താൻ പ്രസ്തുത മില്ലിന്റെ എം.ഡി സ്ഥാനത്ത് അധിക ചുമതലയേക്കുമ്പോഴേക്കും പദ്ധതിയുടെ ഭൂരിഭാഗം പ്രവർത്തനങ്ങളുടേയും തീരുമാനങ്ങൾ അന്നത്തെ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ ഭരണസമിതി കൈക്കൊണ്ടിരുന്നു. തുടർന്നും എല്ലാ വിഷയങ്ങളും ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്. തുകയൊന്നും താൻ വകമാറ്റി ചിലവഴിച്ചിട്ടില്ലെന്നും ശ്രീ.പി.എസ്.ശ്രീകുമാർ ഹിയറിംഗ് വേളയിൽ സമർപ്പിച്ചു

5) പരാമർശം (4)ലെ പരാതി(WP(C)30710/2024 കേസിലെ Exhibit P1), പരാമർശം(7) പ്രകാരം ലഭ്യമായ കൈത്തറി ഡയറക്ടറുടെ റിപ്പോർട്ട്, മൂന്നാം എതിർകക്ഷിയായ ആലപ്പി

സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജർ ശ്രീ.പി.എസ് ശ്രീകുമാർ സമർപ്പിച്ച വിവരങ്ങൾ, വകുപ്പിൽ ലഭ്യമായ മറ്റു പ്രസക്ത വിവരങ്ങൾ എന്നിവയെല്ലാം ഹിയറിംഗ് വേളയിൽ ഹിയറിംഗ് ഉദ്യോഗസ്ഥൻ വിശദമായി പരിശോധിച്ചു. അതിന്റെയടി സ്ഥാനത്തിൽ, ചുവടെ ചേർത്തിരിക്കുന്ന വസ്തുതകൾ ബോധ്യപ്പെട്ടു.

i. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 2008ൽ കോട്ടൺ സപ്ലൈ ചെയ്ത സൺ കോട്ടൺ(ആന്ധ്രാപ്രദേശ്) കമ്പനിയ്ക്ക് കോട്ടണിന്റെ വിലയിൽ ബാക്കി നൽകുവാനുള്ള 5,26,169/- രൂപ കുടിശ്ശികയായതിനാൽ കമ്പനി ആന്ധ്രാ പ്രദേശ് എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ കൗൺസിലിൽ ഫയൽ ചെയ്ത നം.21C/IFC/2018/4215 കേസിന്മേൽ പരാമർശം(2) പ്രകാരം എക്സ്പാർട്ടിയായി പുറപ്പെടുവിച്ച വിധിയിൽ 1,11,02,623/- രൂപ മിൽ അടയ്ക്കുവാൻ കൗൺസിൽ ഉത്തരവായിരുന്നു.

ii. പ്രസ്തുത കേസ് ഒത്തുതീർപ്പാക്കുന്നതിന് ലഭിച്ച അവസരങ്ങൾ പ്രയോജനപ്പെടുത്താത്തത് ഉൾപ്പെടെ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരോട് വിശദീകരണം ചോദിക്കുകയും, മിൽ ജനറൽ മാനേജർ പരാമർശം(3) പ്രകാരം ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മില്ലിന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥകൾക്ക് എതിരെയും ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുവാനും കൗൺസിലിൽ അപ്പീൽ ഫയൽ ചെയ്യുന്നത്/കോടതിക്ക് പുറത്ത് ഈ വിഷയത്തിൽ ഒത്തു തീർപ്പ് ഉണ്ടാക്കുവാനും കൂടാതെ, പരാമർശം(2) വിധിക്കെതിരെ ആന്ധ്രാപ്രദേശ് ഹൈക്കോടതിയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ഫയൽ ചെയ്യുന്ന അപ്പീൽ നടപടികൾ ത്വരിതപ്പെടുത്തി പൂർത്തിയാക്കുവാനും പരാമർശം(5) പ്രകാരം മിൽ ജനറൽ മാനേജർക്ക് സർക്കാർ നിർദ്ദേശവും നൽകിയിരുന്നു.

iii. സൺ കോട്ടൺ കമ്പനി എന്ന പേരിൽ ഒരു സ്ഥാപനം ഇപ്പോൾ നിലവിൽ ഇല്ലെന്നും അവർക്ക് അയച്ച കത്ത് ഇങ്ങനെയൊരു അഡ്രസ്സ് ഇല്ലാ എന്ന് രേഖപ്പെടുത്തി തിരികെ വരികയാണുണ്ടായതെന്നും അതിനാൽ ഇവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കി പണം ഒടുക്കുവാൻ സാധിക്കില്ലെന്നും സൺ കോട്ടൺ കമ്പനിയുടെ പേരിൽ അല്ലാതെ മിൽ പണം കൊടുക്കുന്നത് നിയമവിരുദ്ധമാണെന്നും അഡ്വക്കേറ്റായ Adv.Narra Srinivasa Rao തയ്യാറാക്കി നൽകിയ സത്യവാങ്മൂലം ആന്ധ്രാപ്രദേശിലെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനായി ജനറൽ മാനേജർ ഒപ്പിട്ട് അഡ്വക്കേറ്റിന് അയച്ചു കൊടുത്തിട്ടുണ്ട് എന്നും ഹിയറിംഗ് വേളയിൽ മിൽ ജനറൽ മാനേജർ സമർപ്പിച്ചിട്ടുണ്ട്.

iv. 28/09/2013 തീയതിയിലെ ജി.ഒ(ആർ.ടി) നം.1243/13/വ്യവ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായി നിയമിതനായ ശ്രീ.പി.എസ്.ശ്രീകുമാറിന്റെ നിയമന കാലാവധി തീരുന്ന മുറയ്ക്ക് നീട്ടി നൽകുകയും 12/01/2022 തീയതിയിലെ സ.ഉ(സാധാ) നം.39/2022/വ്യവ പ്രകാരം പുതിയ ഉത്തരവ് വരെയോ പുതിയ ആൾക്ക് ചാർജ്ജ് കൊടുക്കുന്നത് വരെയോ ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുമുണ്ട്.

v. ശ്രീ.ജയ് കൃഷ്ണൻ നായർ സമർപ്പിച്ച പരാതിയിലെ മറ്റ് ആരോപണങ്ങൾ മിക്കവയും 26/04/2021 തീയതിയിൽ ശ്രീ.ആർ.ജയ് കൃഷ്ണൻ നായർ സർക്കാരിൽ സമർപ്പിച്ച പരാതിയിലും ഉൾപ്പെട്ടവയാണ്.

vi. റിട്ട് പെറ്റീഷൻ (സിവിൽ) 24353/2021 കേസിലെ 08/11/2021 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, 26/04/2021 തീയതിയിലെ

പരാതിയിന്മേൽ 10/05/2022 തീയതി ബഹു.വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ.ജയ് കൃഷ്ണൻ നായരേയും മറ്റു കക്ഷികളേയും നേരിട്ട് കേൾക്കുകയും ആരോപണങ്ങളും റിപ്പോർട്ടുകളും വാദപ്രതിവാദങ്ങളും പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിയിലെ ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്നും തുടർനടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയില്ലെന്നും കണ്ടെത്തുകയും അപ്രകാരം 23/05/2022 തീയതിയിൽ സ.ഉ(സാധാ)നം. 482/2022/വ്യവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

6) പരാമർശം(4) അപേക്ഷയിന്മേൽ ഹിയറിംഗിനായി 3 അവസരങ്ങൾ പരാതിക്കാരന് നൽകിയിരുന്നു. ഹിയറിംഗിൽ ടിയാൻ ഹാജരായില്ലെങ്കിൽ പരാതിക്കാരന് ഒന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ Ext. P1 ന്മേൽ തീരുമാനമെടുക്കുമെന്ന് പരാതിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാതിക്കാരനായ ശ്രീ.ജയകൃഷ്ണൻ നായർ ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായില്ല. മാത്രവുമല്ല ഇതു സംബന്ധിച്ച് അറിയിപ്പ് /വിശദീകരണം ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ പരാതിക്കാരന് കൂടുതലൊന്നും വിശദീകരിക്കാനും തെളിവുകൾ ഹാജരാക്കാനും താത്പര്യമില്ലെന്നു കാണുന്നു.

7) മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരൻ സമർപ്പിച്ച പരാമർശം(4) അപേക്ഷ (Ext. P1) യിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ട തിന്റെ ആവശ്യകതയില്ലെന്നു കാണുന്നു. ആയതിനാൽ Ext. P1 അപേക്ഷയിലെ ആവശ്യം നിരസിക്കുന്നു.

8) അപ്രകാരം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.ആർ.ജയ് കൃഷ്ണൻ നായർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം.30710/2024 നമ്പർ കേസിലെ 24/09/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
അണ്ടർ സെക്രട്ടറി

ശ്രീ.ആർ.ജയ് കൃഷ്ണൻ നായർ, ജയ് വിലാസ്, ദയാബ്ജി ജംഗ്ഷൻ, പരവൂർ പി.ഒ, കൊല്ലം-691301
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
കൈത്തറി ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്, തിരുവനന്തപുരം
ജനറൽ മാനേജർ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കരീലക്കുളങ്ങര, ആലപ്പുഴ
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.സി2/169/2024-വ്യവ)

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
Date: 05-06-2025 16:58:10